# കേരള സംസ്ഥാന നിയമ സേവന അതോറിറ്റി

നിയമ സഹായ ഭവൻ , ഹൈക്കോടതി കോമ്പൗണ്ട് എറണാകുളം, കൊച്ചി - 682031, ഫോൺ -0484 – 2396717
ഫോൺ:0484-2396717, ഇ മെയിൽ : kelsakerala@gmail.com, website: www.kelsa.nic.in

## (സ്ഥിരം ലോക് അദാലത് )

ലീഗൽ സർവ്വീസസ് അതോറിറ്റി നിയമപ്രകാരം സംസ്ഥാന നിയമ സേവന അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥിരം ലോക് അദാലത്ത് (Permanent Lok Adalat) കേരള സംസ്ഥാനത്ത് തിരുവനന്തപുരത്തും, എറണാകുളത്തും, കോഴിക്കോടും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ പരാതിപ്പെടാൻ ഒരു തരത്തിലുള്ള ഫീസും ആവശ്യമില്ല. വക്കീൽ മുഖാന്തിരമോ നേരിട്ടോ പരാതികൾ സമർപ്പിക്കാവുന്നതാണ്. പരാതി സമർപ്പിക്കുവാൻ പ്രത്യേക ഫോറങ്ങൾ ഇല്ല.

പരാതികൾ എതിർ കക്ഷികളുമായി യോജിച്ച് ഒത്തു തീർപ്പിലൂടെ വിധി പ്രസ്താവിക്കാൻ ശ്രമിക്കുന്നതും, അതിനു കഴിയുന്നില്ല എങ്കിൽ ഇരു കക്ഷികളും ഹാജരാക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ അദാലത്തിനു വിധി പ്രസ്താവിക്കാവുന്നതുമാണ്. ഈ വിധി അന്തിമവും സിവിൽ കോടതി വഴി നടപ്പിലാക്കാവുന്നതുമാണ്.

**പൊതു സേവനരംഗത്തെ പരാതികളാണ് അദാലത്തിൽ പരിഗണിക്കുന്നത്:-**

- ➔ കര, ജല, വായു മാർഗ്ഗത്തിലൂടെയുള്ള യാത്രയെ സംബന്ധിച്ചുള്ളതോ
- ➔ ചരക്കുകളുടെ നീക്കത്തെ സംബന്ധിച്ചുള്ളതോ ആയ പരാതികൾ
- ➔ തപാൽ, ടെലഫോൺ എന്നിവയുടെ സേവനങ്ങളെ സംബന്ധിച്ചുള്ള പരാതികൾ
- ➔ വൈദ്യുതിയും ജല വിതരണവുമായി ബന്ധപ്പെട്ട പരാതികൾ
- ➔ ആശുപത്രി സംബന്ധമായ പരാതികൾ
- ➔ ഇൻഷുറൻസുമായി ബന്ധപ്പെട്ട പരാതികൾ
- ➔ പൊതുശുചീകരണ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന വീഴ്ച
- ➔ വിദ്യാഭ്യാസമോ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായോ ബന്ധപ്പെട്ട പരാതികൾ
- ➔ വീട് നിർമ്മാണമോ റിയൽ എസ്റ്റേറ്റ് സംബന്ധമായോ ഉള്ള പരാതികൾ

കൂടാതെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ

ചെയർമാനായ ജില്ലാ കളക്ടറുടെ ഉത്തരവിന്മേൽ ഉത്തരവിന്റെ പകർപ്പ് കിട്ടി 60 ദിവസത്തിനകം രണ്ടാം അപ്പീൽ അധികാരിയായ സ്ഥിരം ലോക് അദാലത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. അവകാശത്തർക്കങ്ങളുടെ പരിധി ഒരുകോടി രൂപ വരെയായി നിജപ്പെടുത്തിയിട്ടുണ്ട്.

**കേരളത്തിൽ നിലവിലുള്ള മൂന്ന് സ്ഥിരം ലോക് അദാലത്താുകളുടെ വിലാസവും, ഫോൺ നമ്പറും, അധികാര പരിധിയും താഴെ കൊടുക്കുന്നു:-**

**സ്ഥിരം ലോക് അദാലത്, തിരുവനന്തപുരം**
**(തിരുവനന്തപുരം,കൊല്ലം,പത്തനംതിട്ട ജില്ലകൾ)**
**ADR ബിൽഡിംഗ്**
**ജില്ലാ കോടതി സമുച്ചയം**
**വഞ്ചിയൂർ ,തിരുവനന്തപുരം-695035**
**PH :0471 2474855**

**സ്ഥിരം ലോക് അദാലത്, എറണാകുളം**
**(ആലപ്പുഴ ,കോട്ടയം,ഇടുക്കി ,എറണാകുളം,തൃശൂർ ജില്ലകൾ)**
**താഴെ നില ,ADR സെന്റർ**
**ജില്ലാകോടതി സമുച്ചയം**
**കലൂർ,എറണാകുളം -682017**
**PH :0484 -2345950**

**സ്ഥിരം ലോക് അദാലത്,കോഴിക്കോട്**
**(പാലക്കാട് ,മലപ്പുറം ,കണ്ണൂർ,കോഴിക്കോട്,കാസറഗോഡ്,വയനാട് ജില്ലകൾ)**
**മെട്രോ ടവർ ,**
**ചെറൂട്ടി റോഡ്**
**കോഴിക്കോട് -682017**

**Sd/-**
മെമ്പർ സെക്രട്ടറി